(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കുവാനുള്ള പദ്ധതി രൂപീകരണം പ്രാരംഭഘട്ടത്തിലാണ്. ഒരു കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ സാധ്യതാപഠനം നടത്തിവരുന്നു.

സൈൻബോർഡുകളെ സംരക്ഷിക്കാൻ നടപടി

273 (7244) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈൻ ബോർഡിനെ മറച്ചും ബോർഡിന്മേലും വിവിധ പരസ്യങ്ങൾ പതിക്കുന്നതിനാൽ സൈൻ ബോർഡുകൾ കാണാതെ വാഹന യാത്രക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആർക്കെങ്കിലും എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം ബോർഡുകൾ യാത്രക്കാർ കാണുന്ന വിധത്തിൽ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശിക്ഷണ നടപടികൾ എടുത്തിട്ടില്ല. സൈൻബോർഡിനെ മറച്ചും, ബോർഡിന്മേലും വിവിധ പരസ്യങ്ങൾ പതിക്കുന്നത് അപ്പപ്പോൾത്തന്നെ നീക്കം ചെയ്യുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

274 (7245) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതികളിലും കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly